**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1553** **30-08-2022 - ൽ മറുപടിയ്ക്ക്**

**കൃഷ്ണപുരം കൊട്ടാരത്തിലെ നവീകരണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | കായംകുളം കൃഷ്ണപുരം കൊട്ടാരത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലയളവ് മുതൽ നാളിതുവരെ എത്ര തുകയുടെ നവീകരണ പ്രവർത്തനങ്ങളാണ് നടന്നിട്ടുള്ളതെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ? | (എ) | കായംകുളം കൃഷ്ണപുരം കൊട്ടാരത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലയളവ് മുതൽ നാളിതുവരെ നടത്തിയ പ്രധാനപ്പെട്ട സംരക്ഷണ / നവീകരണ, പരിസരവികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>എ) മ്യൂസിയത്തിന്റെ സുരക്ഷാ പ്രാധാന്യം കണക്കിലെടുത്ത് സി.സി.റ്റി.വി ക്യാമറകൾ സ്ഥാപിക്കുകയുണ്ടായി. ആയതിന് - 60.69 ലക്ഷം രൂപ ചെലവ് വന്നു.<br><br>ബി) മ്യൂസിയത്തിന്റെ സമഗ്ര സംരക്ഷണ പ്രവൃത്തികൾ നടത്തിയതിന് - 49.75 ലക്ഷം രൂപ ചെലവഴിച്ചു.<br><br>സി) മ്യൂസിയത്തിന്റെ പരിസരം മോടിപിടിപ്പിക്കുകയും, പുൽത്തകിടി, ഇരിപ്പിടങ്ങൾ, ജലധാര എന്നിവ സ്ഥാപിക്കുകയും ചെയ്തതിന് - 61.64 ലക്ഷം രൂപ ചെലവഴിച്ചു.<br><br>ഡി) അഗ്നിസുരക്ഷാ ഉപകരണങ്ങൾ സ്ഥാപിച്ച ഇനത്തിൽ 15.56 ലക്ഷം രൂപ ചെലവഴിച്ചു.<br><br>ഇ) പുൽത്തകിടിയുടെ വാർഷിക പരിപാലനത്തിനായി 4.85 ലക്ഷം രൂപ ചെലവഴിച്ചു. |

സെക്ഷൻ ഓഫീസർ